StudentBounty.com

1508

Register Number

# Language — Part I — MALAYALAM — Paper I

## ( Poetry and Grammar )

Time Allowed : 3 Hours ] [ Maximum Marks : 100

I. നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അഞ്ചു വരിയിൽ കവിയരുത് : 4 × 2 = 8

1) അയ്യപ്പപ്പണിക്കരെക്കുറിച്ചെന്തറിയാം ?

2) എങ്ങനെയുള്ള കവിയാണ് ഉണ്ണായിവാരിയർ ?

3) മലയാള ഭാഷയുടെ പിതാവിനെ പരിചയപ്പെടുക.

4) മാതൃത്വത്തിന്റെ കവി എന്ന് വിശേഷിപ്പിക്കുന്നതാരെയാണ് ? എന്തുകൊണ്ട് ?

5) എൻ.വി. കൃഷ്ണവാരിയരുടെ കാവ്യസിദ്ധിയെക്കുറിച്ചെഴുതുക.

6) സുഗതകുമാരിയുടെ കവിതയെപ്പറ്റി എഴുതുക.

II. മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക : 3 × 4 = 12

7) ദുർഗ്ഗതിസാഗരേ മഗ്നനായ് വീഴുവാൻ
നിർഗ്ഗമിച്ചീടുമെന്നെ ക്കരുണാത്മനാ
രക്ഷിച്ചു കൊള്ളേണമേ ശരണാഗത
രക്ഷണം ഭൂഷണമല്ലോ മഹാത്മനാം.

8) സർവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും
ഏഴെട്ടുകാശിന്റെയുന്മാദത്തള്ളലേ
പാഴുറ്റ നിൻതല താഴില്ലെന്നോ ?

9) കാണുക, ദേവകാന്തൻ പരിഹാസം
പോലെ നിലാവൊളി ചിന്നിയപാരിൻ
സാനുതലങ്ങളിലൂടെ നിവർന്നു
നടന്നുവരുന്നൊരു തേജോരൂപം.

10) ഉരുകും ടാറിൻ നെടുംപാത ഉച്ചിമേൽ സൂര്യൻ
തളരും മെയ്യുംപേറിയാന നീങ്ങുന്നു മന്ദം
"ഉണ്ടിനിയേറെക്കാതം നടന്നോ വേഗം വേഗ -
മമ്പലത്തിലേക്കിനി ദൂരമൊത്തിരി ദൂരം.

[ Turn over

www.StudentBounty.com
Homework Help & Pastpapers

11) ഹരിതമെങ്ങും, ഹരിതഹാസം
ഹരിതരാഗം ഹരിതചരിതം
ഹരിതമാർഗ്ഗം ഹരിണിവൃന്ദം
തുള്ളിയാർക്കുന്നു ഹരിതവൃന്ദാ
വന തരംഗം താളമാവുന്നു.

III. മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്ത് വരിയിൽ കവിയരുത് : $3 \times 4 = 12$

12) ഓണപ്പാട്ടുകാർ എന്തിനുവേണ്ടിയാണ് പാടുന്നത് ?

13) കവിയുടെ വാടകവീട് എങ്ങനെയുള്ളതായിരുന്നു ?

14) ആതിര ഒച്ചയുണ്ടാക്കാതെ വരുമെന്നറിഞ്ഞപ്പോൾ കവിയുടെ അവസ്ഥ എന്തായിര്യന്നു ?

15) കവി അനുസ്മരിക്കുന്ന നാടിന്റെ നഷ്ടപ്പെട്ടുപോയ സുന്ദര ദൃശ്യങ്ങൾ എന്തെല്ലാമാണ് ?

16) അമരേന്ദ്രദൂതനായി പോയ നളന് എപ്പോഴാണ് കൗതുകം തോന്നിയത് ?

IV. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഓരോ പുറത്തിൽ കവിയരുത് : $2 \times 10 = 20$

17) ദമയന്തിയും ദൂതനുമായുള്ള സംഭാഷണം സംഗ്രഹിച്ചെഴുതുക.

18) ഓണപ്പാട്ടുകാർ എന്ന കവിതക്ക് ഒരു ആസ്വാദനം എഴുതുക.

19) ആന അനുഭവിക്കുന്ന ദുഃഖങ്ങൾ പാഠ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

20) നാടെവിടെ മക്കളേ എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?

21) അതിഥിസത്ക്കാരം എന്ന കവിതയിലെ ഇതിവൃത്തമെന്ത് ?

V. താഴെ കൊടുത്തിട്ടുള്ള പദ്യഭാഗങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക : $2 \times 4 = 8$

22) ചീറിയടിക്കുമൊരിരുട്ടിൽ
ദൂരങ്ങൾ കോൾകൊണ്ടു മുന്നിൽ കിടക്കവേ,
കാൽകൾചുറ്റിപ്പിടിച്ചാഞ്ഞ് വിഴുങ്ങുമൊരു
പുഴ നമ്മൾ കഴപോലിറങ്ങി കടന്നതും.

i) എങ്ങനെയുള്ള ഇരുട്ട് ?

ii) എങ്ങനെയാണ് പുഴ കടന്നത് ?

iii) ഏതു പദ്യത്തിലെ വരികളാണിവ ?

iv) ഇതെഴുതിയ കവി ആര് ?

StudentBounty.com
www.StudentBounty.com
Homework Help & Pastpapers

23) മുററത്തു തണൽ നീർത്തി വിരിക്കും സ്വർണ്ണാശോകം
ചട്ടിയിൽപ്പൂമൊട്ടേന്തിച്ചാഞ്ചാടും പനീർച്ചെടി
വാഴമേൽക്കുടപ്പനിൽത്തേനുണ്ണും സൂചീമുഖി
വേലിമേൽച്ചാടിച്ചാടിച്ചിലയ്ക്കു മണ്ണാർക്കണ്ണൻ.

i) എന്താണ് മുററത്ത് തണൽ നീർത്തി വിരിക്കുന്നത് ?

ii) സൂചീമുഖി തേനുണ്ണുന്നത് എവിടെയാണ് ?

iii) ഏതു പദ്യത്തിലെ വരികളാണ് ഇവ ?

iv) ഇതെഴുതിയ കവി ആര് ?

24) എന്തുശോഭയിതെന്തുശാന്തിയിതെന്തു
സൗഖ്യ, മിതെന്തുദാരത, യീവസുന്ധര
സ്വർഗ്ഗമാകുന്നു - എന്റെ സ്വന്തമാകുന്നു
കല്പവൃക്ഷമെനിക്കുവേണ്ട.

i) എന്താണ് സ്വർഗ്ഗമാകുന്നത് ?

ii) എന്താണ് വേണ്ടയെന്നു പറയുന്നത് ?

iii) ഏതു പദ്യത്തിലെ വരികളാണിവ ?

iv) ഇതെഴുതിയ കവി ആര് ?

VI. പദ്യഭാഗം പൂരിപ്പിക്കുക : 1 × 8 = 8

25) ആ യഹൂദപ്രഭു ............... മീത്തിന്നിരുന്നാറ.

*അല്ലെങ്കിൽ*

26) എൻ മടിത്തട്ടിലിരുന്നു ............... വരെന്റെ മക്കാറ.

VII. 27) രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക : 2 × 3 = 6

| | |
|---|---|
| i) കാകളി | ii) കേക |
| iii) മന്ദാക്രാന്ത | iv) വസന്തതിലകം |

28) രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക : 2 × 3 = 6

| | |
|---|---|
| i) ഉപമ | ii) ദീപകം |
| iii) വിഷമം | iv) യമകം |

VIII. 29) യോജിച്ചവ ചേർത്തെഴുതുക : 1 × 4 = 4

| | |
|---|---|
| i) നാടെവിടെ മക്കളേ | a) ബാലാമണിയമ്മ |
| ii) ഓണപ്പാട്ടുകാർ | b) ഉണ്ണായി വാരിയർ |
| iii) മുത്തശ്ശി | c) വള്ളത്തോൾ |
| iv) നളദൗത്യം | d) വൈലോപ്പിള്ളി |
| | e) അയ്യപ്പപ്പണിക്കർ |

[ Turn over

StudentBounty.com

www.StudentBounty.com
Homework Help & Pastpapers

StudentBounty.com

IX. ശരിയായ ഉത്തരം എടുത്തെഴുതുക : 8 × 1 = 8

30) വാല്മീകിയുടെ ആത്മകഥ എടുത്ത കാണ്ഡം

a) ബാലകാണ്ഡം b) അയോദ്ധ്യാ കാണ്ഡം c) സുന്ദരകാണ്ഡം

31) നളചരിതത്തിലെ ദമയന്തീ കാമുകൻ

a) രമണൻ b) മദനൻ c) നളൻ

32) പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കിയത്

a) ജോസഫ് b) ശീമോൻ c) യേശുദേവൻ

33) മുത്തശ്ശി എന്ന കവിതയിൽ നിഴലിക്കുന്ന ഭാവം

a) വാത്സല്യം b) ഭയം c) കരുണം

34) എൻ.വി. യുടെ കവിതയിൽ ജീവിതം തളിരിട്ട വീട്

a) ഒന്നാമത്തെ b) രണ്ടാമത്തെ c) മൂന്നാമത്തെ

35) തുലാവർഷപ്പച്ച എന്ന കവിതാ സമാഹാരത്തിൽപ്പെട്ട കവിത

a) ഗജേന്ദ്രമോക്ഷം b) ആന c) മുത്തുച്ചിപ്പി

36) നാമന്യോന്യമൂന്നുവടികളായ് നിൽക്കാം എന്നുപറയുന്നത്

a) അമ്മയോട് b) സഹോദരിയോട് c) സഖിയോട്

37) നദിയൊഴുകുന്നു എന്ന കവിതയിലെ നദി സൂചിപ്പിക്കുന്നത്

a) മനുഷ്യ ജീവിതത്തെ b) വനങ്ങളെ c) മരുഭൂമികളെ

X. ഒറ്റവാക്കിൽ ഉത്തരമെഴുതുക : 8 × 1 = 8

38) ധാത്രിപകരുന്ന കരുണ മാത്രം ആഗ്രഹിച്ച കവി ആരാണ് ?

39) ആതിരയെ എതിരേൽക്കുന്ന കവി ആരാണ് ?

40) സ്വാഹ ആരാണ് ?

41) താപസന്മാർ കാട്ടാളനോട് ജപിക്കാൻ പറഞ്ഞതെന്ത് ?

42) വെള്ളം തിളപ്പിച്ചുകുടിക്കണമെന്ന് പറഞ്ഞത് ഏത് വീട്ടിലാണ് ?

43) "കുഞ്ഞേ നീയും ചത്തിതുന്നെങ്കിൽ" എന്നു പറയുന്നതാരാണ് ?

44) കന്യാപുത്രൻ എന്ന് വിവക്ഷിക്കുന്നത് ആരെയാണ് ?

45) വള്ളത്തോളിന്റെ മഹാകാവ്യം ഏതാണ് ?

www.StudentBounty.com
Homework Help & Pastpapers